| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഈ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്, | (സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനുവേണ്ടി ടെക്ക് പ്രോസസ്സ്, കാനറബാങ്ക്/ പെയു എന്നീ സ്ഥാപനങ്ങളാണ് നെറ്റ് ബാങ്കിംഗ് മുഖേനയും ക്രെഡിറ്റ്-ഡെബിറ്റ് കാർഡുകൾ വഴിയും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനു വേണ്ടിയുള്ള പേയ്മെന്റ് ഗേറ്റ് വേ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. മേൽ പ്പറഞ്ഞ സംവിധാനത്തിൽക്കൂടി സംസ്ഥാനത്തെ പ്രമുഖ ബാങ്കുകൾ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനത്തിൽ സഹകരിക്കുന്നു. കൂടാതെ സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറബാങ്ക് എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. ഡയറക്ട് നെറ്റ് ബാങ്കിംഗ് വഴി ഓൺലൈനായി പണമടയ്ക്കുന്ന വൈദ്യുതി ഉപഭോക്താക്കൾക്ക് സർവ്വീസ് ചാർജ്ജ് നൽകാതെ തന്നെ വൈദ്യുതി ബിൽ അടയ്ക്കാൻ കഴിയും. ഈ സംവിധാനം കൂടുതൽ ബാങ്കുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) പ്രസ്തുത സംവിധാനം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ | (ഡി) ഈ സംവിധാനം കൂടുതൽ വ്യാപിപ്പിച്ചുകൊണ്ട് ഇലക്ട്രോണിക് ക്ലിയറൻസ് സംവിധാനവും മൊബൈൽ ഫോൺ വഴിയുള്ള ഓൺലൈൻ പേയ്മെന്റ് സംവിധാനവും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.